പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1154 11.06.2019 ൽ മറുപടിക്ക്**

**വയനാട് ചുരത്തിലെ ഹെയർപിൻ വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വയനാട് ചുരത്തിലെ ഹെയർപിൻ വളവുകൾ വീതി കൂട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; | എ) വയനാട് ചുരത്തിലെ 3,5 ഹെയർപിൻ വളവുകളുടെ വീതി കൂട്ടുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ് |
| ബി) ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | ബി) ലഭ്യമായിട്ടുണ്ട് |
| സി) എത്ര തുകയാണ് കേന്ദ്രസർക്കാർ വനഭൂമി ഉപയോഗിക്കുന്നതിനായി ഈടാക്കിയിട്ടുള്ളത്; | സി) വനം വകുപ്പിലേക്ക് അടയ്ക്കുവാൻ 9,59,226 രൂപയും പ്രസ്തുത പ്രവൃത്തിക്കായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരമായി പുതിയ മരങ്ങൾ നടുന്നതിനും മുറിക്കുന്നവയുടെ വിലയും കൂട്ടിച്ചേർത്ത് 25,42,873 രൂപയും കൂടി ആകെ 35,02,099 (മുപ്പത്തി അഞ്ച് ലക്ഷത്തി രണ്ടായിരത്തി തൊണ്ണൂറ്റി ഒൻപത് ) രൂപ വനം വകുപ്പിന് കൈമാറി |
| ഡി) ഏതെല്ലാം നിബന്ധനയിലാണ് വനഭൂമി വിട്ടുനൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ഡി) നിയമപരമായ ഉടമസ്ഥാവകാശം വനം വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് റോഡ് വികസന ആവശ്യത്തിന് വേണ്ടി മാത്രമാണ് വനഭൂമി വിട്ട് നൽകിയത്. ഇതിനുവേണ്ടി മുറിച്ച മാറ്റുന്നതിന്റെ പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന്റെ ചെലവ് കൂടി ഈടാക്കിക്കൊണ്ടാണ് ഭൂമി വിട്ടുനൽകിയിട്ടുള്ളത് |
| ഇ) അനധികൃതമായി നിർമ്മിച്ച എത്ര കെട്ടിടങ്ങളാണ് പൊളിച്ച് മാറ്റിയതെന്നും പരസ്യ ബോർഡുകൾ വെയ്ക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | ഇ) ചുരത്തിൽ പരസ്യബോർഡുകൾ വയ്ക്കുന്നതിന് വിലക്കുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പാണ് |

സെക്ഷൻ ഓഫീസർ